പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 45 — 8.8.2017 -ൽ മറുപടിയ്ക്ക്

## വിനോദസഞ്ചാര നയം

| ചോദ്യം<br>ശ്രീ.വി.ഡി.സതീശൻ<br>ശ്രീ. എ.പി. അനിൽ കുമാർ<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ<br>ശ്രീ. കെ.മുരളീധരൻ : | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ, ( സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ മന്ത്രി). | |
|---|---|---|---|
| എ) | പുതിയ വിനോദസഞ്ചാര നയം ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | എ) | ഉണ്ട്. 2012-ൽ ആവിഷ്കരിച്ച നിലവിലെ ടൂറിസം നയത്തിന്മേൽ ആവശ്യമായ മാറ്റങ്ങൾ വരുത്തിയും പുതുതായി വേണ്ടുന്നത് ഉൾപ്പെടുത്തിയും ടൂറിസം മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കിയുള്ള പുതിയ ടൂറിസം നയം രൂപീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്.<br>ടൂറിസം മേഖലയുടെയും അനുബന്ധ മേഖലകളുടെയും സമഗ്ര വികസനം, ടൂറിസം രംഗവുമായി പ്രത്യക്ഷമായും പരോക്ഷമായും ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരുടെ ക്ഷേമം, കൂടുതൽ തൊഴിൽ സാധ്യത, പരിസ്ഥിതി സൗഹൃദ ടൂറിസം വികസനം, ഹോസ്പിറ്റാലിറ്റി, ഉത്തരവാദിത്ത ടൂറിസം പ്രോത്സാഹിപ്പിക്കുക എന്നിവയും ആധുനികവും നൂതനവുമായ മാർഗ്ഗങ്ങൾ ഉപയോഗപ്രദമാക്കിയുള്ള വിപണനം, പുതിയ ടൂറിസം കേന്ദ്രങ്ങൾ കണ്ടെത്തൽ, സാഹസിക വിനോദസഞ്ചാര പദ്ധതികൾ, യുവ സഞ്ചാരികളെ ആകർഷിക്കാനുള്ള പദ്ധതികൾ തുടങ്ങിയവയാണ്, പുതിയ ടൂറിസം നയത്തിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത്. പൊതു സ്വകാര്യ പങ്കാളിത്തവും, നിക്ഷേപവും പരമാവധി പ്രയോജനപ്പെടുത്തുന്ന കാര്യവും പരിഗണിക്കുന്നതാണ്. |
| ബി) | പ്രസ്തുത നയത്തിൽ ഈ മേഖലയുടെ വികസനത്തിനും വളർച്ചയ്ക്കും എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | ബി) | കേരളത്തിനെ ലോകോത്തര നിലവാരത്തിലുള്ള വിനോദസഞ്ചാര കേന്ദ്രമാക്കുവാനുള്ള നടപടികളുടെ ഭാഗമായി നിലവിലെ പരിസ്ഥിതിക്ക് കോട്ടം വരാതെ ആധുനിക മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കിയുള്ള അടിസ്ഥാന വികസന സൗകര്യങ്ങൾ നടപ്പിലാക്കുക, കേരളത്തിന്റെ പൈതൃക മൂല്യം പുനരുജ്ജീവിപ്പിക്കും വിധമുള്ള വിനോദസഞ്ചാര വികസന പദ്ധതികൾ തുടങ്ങിയ ഉത്തരവാദിത്ത ടൂറിസത്തിലൂന്നിയുള്ള |

| | | | |
|---|---|---|---|
| | | | താഴെ പറയുന്ന പ്രവർത്തനങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.<br>1. വിനോദസഞ്ചാര കേന്ദ്രങ്ങളുടെ ശുചിത്വ പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകി വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുക<br>2. വിനോദസഞ്ചാരികളുടെ സുരക്ഷയും സംരക്ഷണവും ഉറപ്പുവരുത്തുന്നതിനുള്ള നടപടി സ്വീകരിക്കുക<br>3. പാരിസ്ഥിതിക പരിഗണനകൾക്ക് മുൻതൂക്കം നൽകിയിട്ടുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് മുൻഗണന നൽകുക.<br>4. പ്രാദേശിക തലത്തിലുള്ള വിനോദസഞ്ചാര വികസന പദ്ധതികൾ തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ സഹകരണത്തോടെ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുക<br>5. യുവ സഞ്ചാരികളെ ആകർഷിക്കുന്നതിനായി സാഹസിക വിനോദ സഞ്ചാരത്തിന് പ്രത്യേക ഊന്നൽ നൽകുക<br>6. ലോക വിനോദസഞ്ചാര ഭൂപടത്തിൽ കേരളത്തെ ആഗോള ബ്രാൻഡായി വികസിപ്പിക്കുക.<br>7. വിപണനത്തിന് ആധുനികവും, നൂതനവുമായ മാർഗ്ഗങ്ങളും, നൂതന സാങ്കേതിക വിദ്യയുടെ പ്രയോജനപ്പെടുത്തലും ഉൾപ്പെടുത്തുക<br>8. ദേശീയ തലത്തിലും അന്തർദേശീയ തലത്തിലും കേരളത്തിന്റെ വിപണി വിഹിതം ഗണ്യമായി വർദ്ധിപ്പിക്കൽ<br>9. ഉത്തരവാദിത്ത ടൂറിസം മിഷൻ<br>10. യുവ സംരംഭകർക്ക് പ്രോത്സാഹനം<br>11. വനിതാ സംരംഭങ്ങൾക്ക് പ്രാതിനിധ്യം<br>12. നൂതന ടൂറിസം ഉൽപ്പന്നങ്ങൾ<br>13. ടൂറിസം കേന്ദ്രങ്ങളിൽ ബാല സൗഹൃദ പ്രവർത്തനങ്ങൾ<br>14. ടൂറിസം കേന്ദ്രങ്ങൾ ഭിന്നശേഷി സൗഹൃദമാക്കൽ<br>15. ലാന്റ് ബാങ്ക് രൂപീകരണം |
| സി) | നയം പ്രഖ്യാപിക്കാൻ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദമാക്കുമോ? | സി) | ഇതിനായുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ